T61
M90

# മരന്ദമാധുര്യം.

S. H. SCHOLASTICATE
CHANGANACHERRY
CHETHIPUZHA

T61
M90

വിദ്വാൻ ജോസഫ് മുകളയിൽ.

# മരന്ദമാധുര്യം.

വിദ്വാൻ ജോസഫ് മുകളയിൽ.

ഒന്നാം പതിപ്പ് കാപ്പി 1000.

[പകപ്പവകാശം സ്വായത്തം]

സെൻറ് മേരീസ് പ്രസ്സ്, അതിരമ്പുഴ.

1116.

DHARMARAM COLLEGE LIBRARY, BANGALORE.
4189

വില ചക്രം 5.

(എല്ലാ പ്രതികളിലും ഗ്രന്ഥകർത്താവിൻെറ മുദ്ര ഉണ്ടായിരിക്കും.)

# ആമുഖം.

ഞാൻ 1114--ൽ പ്രസിദ്ധപ്പെടുത്തിയ "സുധാലഹരി"യുടെ മുഖവുരയിൽ, മാസികാപത്രങ്ങൾ മുഖാന്തരം പൊതുജനസമക്ഷം അവതരിപ്പിക്കപ്പെട്ടവയും അല്ലാത്തവയുമായി ഒട്ടുവളരെ കൃതികൾ ഇനിയും എന്റെ "സാഹിത്യപേടക"ത്തിൽ വിശ്രമിക്കുന്നുണ്ടെന്നും മഹാജനങ്ങളുടെ ഉള്ളഴിഞ്ഞുള്ള പ്രോത്സാഹനം ലഭിക്കുന്നപക്ഷം അവയും ഇപ്രകാരം ഖണ്ഡംഖണ്ഡമായി അചിരേണ പ്രസിദ്ധീകൃതമാകുമെന്നും പ്രസ്താവിച്ചിരുന്നു. സാമ്പത്തികാധഃപതനത്തിന്റേയും ക്ഷാമബാധയുടേയും ഉഗ്രദംഷ്ട്രങ്ങളിൽപെട്ട് കേരളീയർ "ഞെളിപിരിക്കൊണ്ടിരു"ന്നിട്ടും സുധാലഹരിക്ക് ഞാൻ വിചാരിച്ചതിലധികം പ്രോത്സാഹനം അവരിൽനിന്നുണ്ടാകയും തന്മൂലം എന്റെ മേൽ പറഞ്ഞ വാഗ്ദാനം നിറവേറ്റുന്നതിന് ഞാൻ നിർബന്ധിതനായിത്തീരുകയും ചെയ്തു. സുധാലഹരിക്ക് ധനസംബന്ധമായ പ്രോത്സാഹനം മാത്രമല്ല ബഹുജനങ്ങളിൽനിന്നു സിദ്ധിച്ചതു്. സുപ്രസിദ്ധ സാഹിത്യകാരന്മാരായ പല മഹാന്മാരും, മാന്യനിലയിൽ നടത്തപ്പെടുന്ന ധാരാളം പത്രമാസികകളും അതിനേപ്പറ്റി മുക്തകണ്ഠം പ്രശംസിച്ച് സ്വാഭിപ്രായം രേഖപ്പെടുത്തുകയുമുണ്ടായി. അവയിൽ ചില

ത്തുമാത്രം അത്യകാൎയ്യന്നിടത്തോളം ചുരുക്കി ഈ പുസ്തകത്തിന്റെ ഒടുവിൽ പ്രസിദ്ധീകരിക്കുന്നുണ്ടു്. "സുധാലഹരീപ്രസ്ഥാനത്തിൽ എന്നെ ഹൃദയപൂൎവ്വം സഹായിച്ച എല്ലാ സുഹൃത്തുക്കളോടും എനിക്കുള്ള സീമാതീതമായ കൃതജ്ഞതയെ ഇവിടെ പ്രദർശിപ്പിക്കുന്നതോടുകൂടിത്തന്നെ അവരുടെയൊക്കെ ദയാദൃഷ്ടി "മരന്ദമാധുൎയ്യ"ത്തിലും പതിയുമെന്നു ന്യായമായി പ്രതീക്ഷിക്കുന്നു.

കൈപ്പുഴ
15—5—116 } ഗ്രന്ഥകൎത്താ.

# വിഷയവിവരം.


1 പുൽക്കൂട്ടിലെ പൈതൽ.

2. കീഴ്പോട്ടും നോക്കുവിൻ.

3. ഹൃദയശൂന്യത.

4. ആശ.

5. ദ്രവ്യഭക്തൻ.

6. ജീവിതമത്സരം.

7. ദാരിദ്ര്യബാധ.

8. പണത്തിന്റെ പുറകേ.

9. കലാകാരൻ.

10. മുററത്തെ മുല്ലയോട്.

11. ചന്ദ്രികയിൽ.

12. മാതൃകാമഹിള.

# മരന്ദമാധുര്യം.

## 1.

### പുൽക്കൂട്ടിലേ പൈതൽ.

മഹാഗിരീതടത്തിലുള്ള കൊച്ചു മാട്ടുകൊട്ടിലിൽ
മഹാദരിദ്രനെന്നപോൽ വിരിച്ച ശഷ്പമെത്തയിൽ
സഹായമായ് ലഭിച്ച കീറവസ്ത്രവും പുതച്ചുഹാ!
സുഹാസരശ്മി തൂകിടും സുധാംശുബാലനാരിവൻ?

സുരാധിപൻെറസൂനുവോ? ധരാധവൻെറ പൈതലോ?
ഖരാംശുബിംബമിങ്ങണഞ്ഞുകുട്ടിയായ് കിടക്കയോ?
വരാഭയുള്ളതങ്കമോ? പുരാകടഞ്ഞെടുത്തനിർ—
ജ്ജരാളിസേവ്യസൽസുധാവിഭാഗമോ? സുതാരമോ?

മനോജ്ഞമായ പത്മവും മടുത്തുമണ്ടിടുന്നമ—
ട്ടനോപമം മനോഹരം പദങ്ങളും കരങ്ങളും
വിനോദമായ് കുടഞ്ഞുലോകമത്സരം പഠിച്ചിടും
ജനോപകാരിദീനരക്ഷകൻ ശരിക്കറിഞ്ഞുഞാൻ.

മിടുക്കനായ മാമുനീന്ദ്രനംബുജാക്ഷിജായയെ—
ത്തടുത്തിരുന്നു കാത്തിടുന്നു ശീതമേററുമുണ്ണിയേ;
ഇടയ്ക്കിടയ്ക്കു പാല്യമാപ്പടിക്കു ചുംബനങ്ങളും
കൊടുത്തിടുന്നുമേരിയമ്മ രക്ഷകന്നുതുഷ്ടയായ്.

നിനയ്ക്കുകിൽ ക്ഷണേനനാകതുല്യമായ മേടയി–
ങ്ങനല്പമൊന്നു തീർക്കുവാൻ കരുത്തെഴും മഹേശ്വരാ!
നിനക്കുഴക്കുവാച്ചൊരീതൊഴുത്തിൽവന്നുദിക്കുവാൻ
മനസ്സുവന്നതത്ഭുതം! വിചിത്രമേ ഭവൽഗതി!!

വിശുദ്ധനായ ദൈവപുത്ര! നിൻെറ കൂട്ടുകാർവെറും
പശുക്കളാണു; ചാക്കിലില്ലബദ്ധമായതിൽപ്രഭോ!
പിശുക്ക, സൂയ, നിന്ദ, നിർദ്ദയത്വമാദികൊണ്ടു ഹൃ–
ത്തശുദ്ധമായ മർത്ത്യരോടടുത്തിടാവിവേകിനീ.

അജങ്ങളെപ്പുലർത്തിടുന്ന സാധുമർത്ത്യർഭക്തിയോ–
ടജൻെറ പുത്രനൻപിലുച്ചരിച്ചിടുന്നുമംഗളം;
ദ്വിജവ്രജങ്ങളും സമം പുകഴ്ത്തിടുന്നു നാഥനേ;
സുജന്മതാരമേ! നിലാവു നിൻെറ മാററു കൂട്ടവേ.

ധരയ്ക്കെഴും ത്വജ്ഞാന്ധകാരദീപമങ്ങു; പുത്രരാം
നരക്കുപാഠമേകിടും ഗുരുപ്രവീരനും ഭവാൻ;
ശരൽശശീസമാനമാം തവാനനാംബുജങ്ങൾ തൻ–
നിരയ്ക്കുദർപ്പണം; സ്മിതം വിശിഷ്ടദുഗ്ദ്ധസാഗരം!

അകന്മഷാശയർക്കു ബന്ധുവെങ്കിലും കുമർത്ത്യരേ
തകർത്തിടും കുഠാരമല്ലി? കാവ്യകാല! കാമദാ!
മികച്ച ചക്രവർത്തിയും നമിക്കുമങ്ങു; നീചനാം
മകന്നുഭവ്യമേകണം; പൊറുക്കകന്മഷം വിഭോ!

ഭവാംബുരാശിയിൽ സദാതുഴഞ്ഞുഴിക്കറിഞ്ഞിടാ
തവാച്യദുഃഖമാർന്നിടും വിവേകമററസൂനഞാൻ!
ജവാൽജഗൽഗ്ഗുരോ! ഭവൽകടാക്ഷമായ കപ്പലിൽ
സവാരിയായ് കരേററിയന്തികത്തിലാക്കണേശ്ശുഭം.

## 2.

# കിഴ്പ്പോട്ടും നോക്കുവിൻ

(ഗാഥ.)

കണ്ടില്ലേ വാനത്തിൽനിന്നക്കൻതൻകരം
കൊണ്ടു മഹിതന്നെയാകമാനം
നന്നായ് തലോടുന്നു; മാളികക്കുരയേ-
ത്തന്നേയല്ലപ്പുലമാടത്തേയും!
ഉച്ചസ്ഥനല്ലയോ ദിവ്യൻ രവി? യവ-
നുണ്ടോ വലിയവനെന്നഭാവം?
പൂനിലാവെന്നുള്ള കൈതവാൽ മന്നിനേ
സാനന്ദം പാലൂട്ടും ചന്ദ്രബിംബം
വമ്പനും പാവവുമാരാരെന്നുന്നി-
ല്ലിമ്പം ജഗത്തിനാകെ തരുന്നു.
പൊക്കത്തിൽ വാണൊ പ്രഭാകണം താഴത്തേ-
യ്ക്കുകാമ്പലിഞ്ഞു വിതച്ചിടുന്ന

താരങ്ങളേ നോക്കിൻ, ഭേദമില്ലാതവ
പാരിന്നേനിത്യം തുണച്ചിടുന്നു.
വൃക്ഷങ്ങളേ കാണ്മിൻ, സൽഫലരാജിയാ—
ലക്ഷതം പൂർണ്ണങ്ങളായിടുമ്പോൾ
താനേ കുനിഞ്ഞവ, കൊമ്പുകളിൽ പിടി—
ച്ചാനൽ ഫലങ്ങൾ പറിപ്പാനാക്കും
സൗകര്യമേകുന്നു, താണവരാണെന്നാ—
മാകെയെന്നൊട്ടും സ്മരിക്കുന്നില്ല.
മാരിതൻ വീഴ്ചയൊന്നുററു സൂക്ഷിക്കുവിൻ
നേരേ കീഴ്പോട്ടു വന്നിടുന്നു;
ഉന്നതസ്ഥാനേ ജനിച്ചവൻ ഞാനെന്നു
തന്നുള്ളിലാമഴ പാക്കുന്നുണ്ടോ?
ഏവം പ്രകൃതിയേ സൂക്ഷിച്ചുനോക്കിനാം
ഭാവിക്കും ഗർവ്വകളഞ്ഞു തുഷ്ട്യാ
കീഴ്പോട്ടും നോക്കുവിൻ സോദരരേ! നിത്യം
കെല്പററോക്കാശ്രയമേകീടുവിൻ.
സൗഖ്യാമൃതപാനംമൂലംധരാതലം
സ്വർഗ്ഗമെന്നെണ്ണിപ്പരമയന്ന്
ജീവിതനാടകമാടും പ്രഭുക്കളേ!
പാവങ്ങളേക്കൂടിയോർത്തീടുവിൻ.
നിങ്ങൾക്കു വാനിൽ കരേറുവാൻ ഗോവണി
ഭംഗംവിനാവച്ചുകൂട്ടരത്രേ
പട്ടിണിപ്പാതാളക്കുണ്ടിൽ കിടന്നു ഹാ!
നട്ടം തിരിയുന്ന,തൊന്നു കാണ്മിൻ!!

വിത്തമദംകൊണ്ടുമൂടവേ നിങ്ങൾതൻ-
ചിത്തത്തിൽ നിന്നാകൃതജ്ഞതയും,
സ്നേഹവും, കാരുണ്യഭാവവും മാത്രമ—
ല്ലാഹാ! മനുഷ്യത്വംപോലും പോയി!!
തെററായ്വിൻമേലി, ലധഃപതിച്ചുള്ളോരെ
ചെറെറങ്കിലുമൊന്നുയൎത്താൻനോക്കിൻ.
മേല്പോട്ടുതന്നേ മിഴിച്ചുനടക്കാതെ
കീഴ്പോട്ടും നോക്കുവിൻ സോദരരേ!

## 3.

# ഹൃദയശൂന്യത.

(കമലാകാന്തൻെറ കാരുണ്യശീലൻെറ
എന്നമട്ട്.)

കദനവാൎദ്ധിയിൽ മൎത്ത്യരേ താഴ്ത്തുന്ന
ഹൃദയശൂന്യതേ! നിൻകഥഭീകരം!
സദയമെന്നെക്കുഴക്കാതിരിക്കണേ
മദമെഴുന്നനീ ഭാവിയിലെങ്കിലും!!

കരുണ നീയറിയാത്തൊരു വസ്തു താൻ;
കരളില്ലാത്ത നിനക്കു ഘൃണയുണ്ടോ?
വിരുതിലെത്രയോ സാധുജനങ്ങളേ
കരിയും ചാമ്പലുമാക്കിനീ ദുർമ്മതേ!

ധനികന്നേ പിച്ചതെണ്ടിപ്പതിന്നു, മാ—
പ്രഭുവിന്നേ ഭൃത്യനാക്കുന്നതിന്നുമേ
തവ കരാളമാം വാൾമുന മിന്നൽപോ—
ലെവിടെയും പാഞ്ഞു ചിന്നിക്കളിക്കയാം.

കൊടിയപാറയും പൊട്ടു, മതിൽനിന്നു
സ്ഫടികനിർമ്മലം വാരിവമിച്ചിടും;
കഠിനമാം ചിത്തം പൊട്ടിടാം; പൊട്ടിയാ—
ലൊഴുകിടുന്നതു കാകോളപാളിയും!

കരളെരിഞ്ഞു ദരിദ്രൻ കരയട്ടെ,
ചരണമെപ്പൊഴും കുമ്പിട്ടു കൂപ്പട്ടെ,
പരവശഭാവമന്യനിൽ കാണട്ടെ,
ചെറുതുമിങ്ങലിഞ്ഞീടാഖലചിത്തം

അറിവുണ്ടേറ്റം; ബിരുദങ്ങളും പരം
കരുതിയിട്ടുണ്ടു; പേരിൽ കുലത്തിടും;
പെരിയവാഗ്മി താൻ; ഹന്ത ജ്വലിക്കയാ—
ണെരികനൽക്കൊപ്പം മിഴി പൊള്ളിക്കുവാൻ!

എളിയവരെച്ചവിട്ടിമെതിക്കവേ
ഞെളിയവേസ്വയം ദേവേന്ദ്രനാകവേ
മിളിതഗർവ്വൻ മുതലാളിനീതിയേ
കളിയായ് തള്ളിതകൎക്കുന്നു സന്തതം!

ഹൃദയമില്ലാത്തവൻപരേ! നിങ്ങളേ
ക്ഷതമേല്പിച്ചുടൻ താഴ്ത്തിത്തുലയ്ക്കുവാൻ,
അധികമായ് നിങ്ങൾ മർദ്ദിച്ച പാവങ്ങൾ,
ഗതഭയർ സംഖ്യയില്ലാതിളകിപ്പോയ്!

ധരണിയിൽ മുന്നം സത്യവും ധർമ്മവു—
മൊരുതരത്തിലാണെല്ലാർക്കു, മിപ്പൊഴോ
പെരിയവനൊന്നു, പാവത്തിനൊന്നു ഹാ!
കരൾ ഞെട്ടും സ്മരിച്ചാലതൊക്കെയും!!

കഠിനഹൃത്തിൻെറ കാൽചവിട്ടേൽക്കവേ
വിവശരായ് തീൎന്ന മൂകലക്ഷം കുറേ
സ്വരമുണ്ടാക്കാൻ പഠിച്ചുകഴിഞ്ഞു,മേ—
ലിഹവരുന്നതുഞാൻ പറയേണമോ?!

സ്വയമുണൎന്നു ഘടിക്കതാൻ നല്ലതി--
ക്കയറിടാത്ത "പശു"ക്കൾക്കു പാർക്കുകിൽ;
ദയകലൎന്നുതുണെയ്ക്കും കുബേരരെ-
ന്നയതും മോഹംവെറും കിനാവാണഹോ!

വലിയതത്വങ്ങൾ മഞ്ജുവാക്യങ്ങളിൽ
നലമൊടെങ്ങും കലർത്തിപ്രസംഗിക്കും
മതിമാന്മാർ, നിങ്ങളേ കൊലചെയ്യുവാൻ
കരുതിയിട്ടുണ്ടകത്തുകാരകൾ!!

നരകവാസികളല്ല പിശാചുക്കൾ;
നരരിലുള്ള ഖലന്മാർ ചിലരത്രേ!
അവരുടെമുഖത്താളുന്നതുഗ്രമാ-
മനലനാണു, പുഞ്ചിരിയല്ലകേൾ!

പ്രകൃതിശക്തികൾ, വെള്ളിടിതൊട്ടവ
വിവരമെന്യേ മഹിതസ്ഥലങ്ങളിൽ
ബത! പതിക്കുന്നു; ദുഷ്ടനാംമർത്ത്യൻെറ
തലയിലായാലതെത്രഗുണകരം?!

സകലനാഥൻെറ നാമം പ്രതിദിനം
പലതവണയുമുച്ചരിക്കുമ്പൊഴും
ഹൃദയശൂന്യത കൃത്യങ്ങളിൽ തെളി —
ച്ചമരും ലോകമേ! നിൻനില ഭീകരം!!

# 4.

# ആശ.

ഏതാണീ ജീവിതത്തിൽ പെരിയരുചി
നരക്കേകുവാ, നേതുമൂലം
ജാതം ദുഃഖങ്ങളെല്ലാം ചില സമയമഹോ!
വിസ്മരിക്കുന്നു ലോകം?
യാതൊന്നിൻ ശക്തിയാപൽക്കുലമകലെ
യകററുന്നു? തൽദിവ്യമന്ത്രം
ഖ്യാതം പ്രത്യാശ; യാസൈ്വരിണി വല
യിലടയ്ക്കാതെ യാരുള്ളൂ ഭ്രമത്?!

ലീലാകോലാഹലത്തിൽ പ്രതിനിമിഷ
മമന്നാരെയും മോദവീചീ—
മാലാന്ദ്രത്തപ്പുകിട്ടിൽ പരമുടനെ മയക്ക
ന്ന വൃം പൈതൽ താനും
കാലാഗാരം കടപ്പാൻ വഴിവളരെയ
ടുത്താത്തനാം വൃദ്ധനും ഹാ!
ചേലാളിട്ടുന്നൊരാശയ്ക്കടിമകൾ ശബ
രൻ തങ്കലേമാൻ കിടാങ്ങൾ!!

"ഇപ്പോൾ കിട്ടും, വരും, കാൽക്ഷണമിനി
വെറുതേ താമസിക്കേണ്ട, നന്നായ്
ക്ഷിപ്രം താൻ കാര്യമെത്തും" പലതിതിഹൃ
ദയം തന്നിലാശാകദംബം
അപ്പപ്പോൾ തിക്കിയേറുന്നതു മനുജനഹോ!
ചേക്കുമുല്ലാസമോത്താൽ
വായ്പാൻല്ലൊന്നതന്നേ; യതു സുധയെ
യൊഴിക്കുന്ന ഹൃൽഭാജനത്തിൽ.
പ്രാണേശൻ ചാരവേ വന്നണവതിനു സമീ
ക്ഷിക്കമേണാക്ഷിയേയും
നീണാളായിപ്പരീക്ഷാവിജയമതുകൊ
തിക്കുന്ന വിദ്യാർത്ഥിയേയും
ചേണാളും പുത്രനേ കാണ്മതിനുഴറിവ
സിക്കുന്ന മാതാവിനേയും
ക്ഷീണാവേശം പിടിച്ചീ ബഹുവിരുത
നടൻ "കൊട്ടയാട്ടുന്നു" മുഷ്കൻ!!
ഓരോന്നാശിച്ചു സാധിച്ചിട്ടകിലതിനുമേ
ൽ പിന്നെയും മററുമാശാ—
ഭാരം വന്നെത്തും, മാസസന്ധികൾ കഴിയു
കിലോ വീണ്ടുമുണ്ടാശ മുൻപിൽ!
തീരാതുള്ളോരു ബാധാനികരമിതു; മരി
ക്കുന്ന നേരത്തുപോലും
തീരെപ്പോകാതലട്ടുന്നിഹ മഹിതരെയും
വാഞ്ഛ, വഞ്ചിക്കുമുഗ്രൻ!!

ആശാഭംഗം ഭവിക്കുന്നതു മെരുത്തുമൊരു
 ത്തക്കമുള്ളിൽപിടിക്കി—
ല്ലാ;ശിക്കം മട്ടുസാധിച്ചിട്ടുകിൽ വടിവില്ല
 ണ്ടാക്കമുല്ലാസമേററം;
ഈശൻ തൻതൃക്കടാക്ഷാമൃതമിടയില്ലുളി
 ച്ചീടിലേമർത്ത്യനാശാ—
ലേശംപോലും സ്വസാദ്ധ്യസ്ഥിതിയിൽ വ
 രികയുള്ളഹ്യമാമീയഥാത്ഥം
"ഞാനെന്തിന്നും സമത്ഥൻ, മമനിനവുക
 ളും വാഞ്ഛയും ഞാനതേമ—
ട്ടന്യനം കൂടാതെ സാധിച്ചിട്ടു, മിവനു വരി
 ല്ലാരുമേ ശത്രുവായി"
നാനാമട്ടീവിധത്തിൽ പെരിയമദ
 മൊടേ ജല്പനം ചെയ്തിട്ടുന്നോൻ
ഹാ! നാകാധീശവീക്ഷാലവമതകല
 വേതോററു "തുള്ളിട്ടിട്ടു"ന്നു!!
ഏവം പ്രാത്ഥിക്കതെന്നേ ഗതിമനുജതതി
 "ക്കീശ്വരാ! ഞങ്ങളാശി—
ച്ചാവശ്യപ്പെട്ടുപോരും വകകളതുവടി
 ക്കൊക്കെയും സാദ്ധ്യമാവാൻ
ശ്രീവൻപാളുംവരം നീതരണ,മിവർ
 ബലം പാരമില്ലാത്ത വർഗ്ഗം,
സർവ്വജ്ഞൻ സർവ്വശക്തൻ തിരുവടി,
 പുനരെന്തോതുവാൻ മക്കൾഞങ്ങൾ?!"

## 5.

# ദ്രവ്യഭക്തൻ.

(കാകളി)

കൈലാസതുല്യമുയൎന്നു, കാണുന്നവ—
ൎക്കാലോലവിസ്മയം ചേൎക്കും മണിഗൃഹം
ഒന്നിങ്ങു കാൺമൂതാൻ, ശില്പിതന്ത്രത്തിന്റെ
കുന്നിച്ചതാകും പകൎപ്പുപോലെമുദാ!
മേടതൻ മേൽത്തട്ടിലുള്ളൊരു മണിയറ
മോടിയി,ലെല്ലാം മികച്ചതാണെങ്കിലും
മദ്ധ്യഭാഗത്തുള്ളതേററം മനോഹരം
വിദ്ധ്വസ്തമാകാത്ത മട്ടിൽ ബലിഷ്ഠമാം.
ഉച്ചയായ്നേരം; കഠോരനാകുംരവി
ഉച്ചത്തിൽനിന്നുകരാസ്ത്രങ്ങളെയ്യുന്നു;
ഉഷ്ണമസഹ്യമാം: പൃത്ഥ്വിയിലേവരും
കഷ്ണിച്ചിട്ടന്തുശരീരം ദഹിക്കവേ!
ഇപ്പൊഴുതാരവമായാ, നാംകണ്ടവീട്ടിലേ
മൂപ്പർ, നടുമുറി തന്നിൽ പ്രവേശിച്ചു
വാതിലടച്ചുതഴുതിട്ടതിൻശേഷ—
മേതോപണി തുടങ്ങീടിനാൻ മന്ദമായ്.

മററൊന്നുമല്ലതു, വൻപിച്ചപെട്ടികൾ
മൂറാറും തുറന്ന,തിൽ തിങ്ങും വകകളേ
ഓരോന്നെടുത്തുടനെണ്ണുകയും തുട—
ച്ചാരോമലാക്കിസ്സുഖിക്കയും ചെയ്കയാം.
ഒട്ടൊന്നുമല്ലഹോ! പെട്ടിയിൽ, നാണയം—
തൊട്ടുള്ളവസ്തുക്കൾ കോടിക്കണക്കിനാം.
രൂപാ, പവൻ, തങ്കമോഹനക്കട്ടികൾ,
ലോപംപെടാതുള്ളൊരാഭരണാളികൾ
എന്നുവേണ്ടെ,ല്ലാം വിവരിച്ചുചൊല്ലുവാൻ
പന്നഗശ്രേഷ്ഠനും പാരംപണിപ്പെട്ടും!!
"ദ്രവ്യഭക്താ"ഭിധൻ മൂപ്പരേപ്പററിഞാ-
നവ്യാജമല്പമൊന്നോതിനിറുത്തിടാം.
ദൈവത്തിലെല്ലാക്കുമുള്ളതാം ഭക്തിയീ
പേപാച്ചമർത്ത്യനു ദ്രവ്യത്തിലായ് സദാ!
പാവങ്ങൾതന്നുടെ രക്തംപിഴിഞ്ഞെടു—
ത്തേവംധനം പരം നേടിക്ഖലൻസുഖം
പൂമണിമേടയിൽ പാക്കുന്നു; ലോഭത്തി—
ലീമനുഷ്യന്നെതിരില്ലാരുമൂഴിയിൽ!!
പട്ടിണിതന്നേ കിടക്കിലും കാശൊന്നു
തിട്ടമവൻ ചെലവാക്കില്ല വീടതിൽ;
പിന്നെപ്പൊതുക്കാര്യ്യചിന്തയെത്രയ്ക്കിയാൾ—
ക്കുണ്ടാം? നിനയ്ക്കുവിൻ വായനക്കാർസ്വയം.
മോഹനമാം മേടതീർത്തതൊഴികെയി—
ദ്ദേഹം "മായത്ത"മിങ്ങുചെയ്തിട്ടില്ല,

ആയതു നാട്ടാർ പുകഴ്ത്തുന്നതിന്നുതാൻ,
ആയതസൗഖ്യം നിനച്ചല്ലവാസ്തവം.
സ്വർണ്ണഭണ്ഡാരം പൊളിക്കും ഖലരെന്നു
നിർണ്ണയിച്ചെങ്ങും പുറത്തുപോകില്ലയാൾ,
പോയാലു,മഞ്ചെട്ടു പൂട്ടുകൾ പൂട്ടിയേ
മായാവിമൂഢൻകുറച്ചൊന്നടങ്ങിടൂ.
വാസരമൊന്നിൽ, ചുരുങ്ങിയതുമൂന്നു
പ്രാവശ്യമീയാൾ നിജസ്വർണ്ണഭാണ്ഡങ്ങൾ
വെമ്മേയഴിച്ചും തുടച്ചും മിനുക്കിയു-
മെണ്ണിയുമെന്നും രസിക്കും, ചതിവിതാം.
റോഡുകൾ നാട്ടിൽ പരന്നാൽ വിരുന്നുകാ—
രോടിയെത്തീടുമെന്നീയാൾ ഭയപ്പെട്ടു
"വെട്ടരുതേവഴി"യെന്നു പ്രസംഗിച്ചു
നാട്ടിലെല്ലാം ഹാ! നടക്കുമാറുണ്ടുപോൽ!!
വീട്ടിലേ ഭക്ഷണകാര്യം, ചെലവുക—
ളൊട്ടുംവരുത്താതെ ഭാര്യ നടത്തണം,
മൂപ്പിലേയ്ക്കുള്ള കണക്കിൽകടന്നൊരു
സ്വല്പം വ്യയം വരികിൽ കലഹം ദൃഢം.
മുട്ടുമറയാതെ വസ്ത്രംധരിക്കണം.
"ക്രുട്ടവാ"നൊന്നിലൊരിക്കലും ക്രൂടൊലാ.
പട്ടിണിയായിച്ചിലദിനം പോകുകിൽ
തുഷ്ടിയാണേററവും നമ്മുടെ ചേട്ടന്.
കുട്ടികൾ "പാപ്പ" "മുഴന്നാട"യിങ്ങനെ
"കെട്ടവാക്കൊ"ന്നും പുലമ്പാതിരിക്കണം.

കള്ളുകുടിക്കുവാനല്പംപണംമുദാ
തള്ളിയിട്ടുണ്ടു പുറത്തെയ്ക്കു മൂപ്പിലേ.
സാക്ഷാൽ "പിശാചിൻ കഷായം" കുടിച്ചുകൊ—
ണ്ടക്ഷീണമൂണും കഴിച്ചിരിക്കും വിധൌ
തൃപ്പാദസേവകർ വന്നു ചിലരൊകെ—
യല്പമകന്നൊരു ബാഹുവാൽ വാപൊത്തി
നിൽക്കും;മവരോടു കല്പിച്ചുവല്ലതു—
"മക്കോടിനായക"നോതും വിശേഷങ്ങൾ.
നാട്ടിൽ നടപ്പതും സംഭവിക്കാത്തതും
മുട്ടനാം "ഡാവു" മടിക്കുകിൽത്തൃപ്തനായ്
തെല്ലു തലയാട്ടി മന്ദഹസിച്ചിട്ടും
വല്യച്ചു;നപ്പോൾ കൃതാർത്ഥരാം സേവകർ.

നാട്ടിലെല്ലാം ക്ഷാമമേറിബ്ഭയങ്കരം
കഷ്ടസ്ഥിതിയിൽ ജനമുഴന്നീടവേ,
വാസരമൊന്നിലൊരുനേരമെങ്കിലും
"കഞ്ഞിവയ്പാൻ" തരമില്ലാഞ്ഞയൽഗൃഹേ
ഏട്ടുപത്താളുകൾ പട്ടിണികൊൺകിട—
ന്നൊട്ടേറെ "നട്ടംതിരിഞ്ഞു" കേണീടവേ,
തെണ്ടിപ്പരിഷകൾ "വല്ലതും നൽകണേ,
തൊണ്ടവരണ്ടുപോയ്, വെള്ളം തരേണമേ"
എന്നൊക്കെയുച്ചം നിലവിളിച്ചെന്നുമേ
വന്നുപടിക്കൽത്തളർന്നുവീണീടവേ
ദ്രവ്യം ജഗദീശനെന്നു ചിന്തിച്ച,ത്തു
ദിവ്യമായ് പൂജിച്ചുവാഴും ജളപ്രഭോ!

നിന്നെച്ചുമപ്പോരു കൈത്താരുതൻപണി
വന്നു വൃഥാവിലായ്! കഷ്ടം! സഹോദരാ!
ഭൂമിക്കു ഭാരമായ് നീണ്ണാളിരിക്കേണ്ട,
ഭീമനാകുന്ന നീ ചത്തടിഞ്ഞാൽ ശുഭം

# 6.

# ജീവിതമത്സരം.

(വഞ്ചിപ്പാട്ട്.)

പരിഷ്കാരമനുദിനം വളരുകമൂലം മർത്ത്യ—
,നിരപാടേ തെളിഞ്ഞിപ്പോൾ ഞെളിഞ്ഞീടുന്നു.
'പഴമ''യാം മുത്തശ്ശിയെ പുറം തള്ളിയാട്ടിപ്പായി—
'ച്ചുഴലേററം വളർത്തുന്നൂ സാധുവിൽ കഷ്ടം!
'പുതുമ'' ''പുതുമ''യെന്നു കൊട്ടിഗ്ഘോഷിച്ചാമൃത്തി
പതിവായിട്ടാരാധിപ്പൂ മനുഷ്യവൃന്ദം. (യേ
ജാതി, മതം, ദൈവമിത്ഥം വേരുറച്ച വൃക്ഷങ്ങൾക്കും
ജാതമാകുന്നുലച്ചിലും പതനം പോലും!
അധികാരം, ഭരണമീ കനകക്കട്ടകൾ കൈയ്യി—
ലധികം ലഭിപ്പതിനു പണിപ്പെടുന്നു.

ഭരണാധികാരം വേണമഖിലർക്കു,മൊരുവനും
ഭരണീയനായ് കഴിപ്പാൻ സമ്മതമില്ല.
കുറേയൊക്കെപ്പറിച്ചെന്നാലധികാരധിക്കാരവും
കുറവുനോക്കിപ്പഴിക്കും തൊഴിലും തന്നേ!
അറിവും പരിഷ്കാരവും ജനതയേ തെല്ലുപോലും
പരിഷ്കരിച്ചില്ല, സത്യം, താറുമാറാക്കി!!
ബലമേറുമച്ചുതണ്ടിലുലകം നിൽക്കുന്നു; മർത്ത്യ—
കുലവും നിയമമാകുമച്ചുതണ്ടിന്മേൽ
നിലയ്ക്കുനിൽക്കണമെന്നാൽ മാത്രമേ മന്നിടം മർത്ത്യ—
കുലത്തിനുമഭിവൃദ്ധി ജനിക്കയുള്ളൂ.
അവകാശ,മധികാരമിവയൊക്കെ മനുഷ്യനു
ദൈവവും നിയമങ്ങളും കല്പിച്ചതത്രേ:
അവയേ കവർന്നീടാനോ ധിക്കരിപ്പതിനോ നമ്മൾ
ജവമൊരുങ്ങിടുകയെത്താൽ ന്യായമാവില്ല.
പക്ഷേ നമ്മൾക്കുള്ളവയേ കവരാനന്യൻ ശ്രമിച്ചാ—
ലക്ഷണം നമ്മുടെ വീര്യം കാണിച്ചുകൊള്ളാം.
ജോലിയില്ല നമുക്കെന്നു വരികിലുമന്യനുള്ള
വേലതട്ടിപ്പറിപ്പതു നിഷിദ്ധമല്ലേ?!
അവനും സഹജനല്ലേ? പിഴയ്ക്കേണ്ടേ സാധുവിനും?
ഭുവനം വിസ്തൃതമല്ലേ? തിരയാം വേറേ.
സൃഷ്ടിതാവാം താതൻ മന്നിൽ സുഭിക്ഷമായ് വിഭവങ്ങൾ
പുഷ്ടമോദമൊരുക്കുന്നു പുത്രർക്കു വേണ്ടി;
പരസ്പരം നമ്മൾ കുത്തിക്കവരാതെ മുറയ്ക്കുചെ—
ന്നിരിക്കുന്ന സ്ഥാനം തേടികണ്ടുപിടിച്ചാൽ

എട്ടത്തവ ഭുജിച്ചീടാം മട്ടക്കുംവരേ; മടിച്ചാൽ
കിടച്ചീടാ, മിട്ടക്കന്മാർ കരസ്ഥമാക്കും.
അഭിമാനം, സ്വാതന്ത്ര്യമീമഹത്ഗുണങ്ങൾക്കു ഹാനി
സംഭവിക്കാതാരുമെന്നും കരുതീടണം.
അവയൊക്കെ വിററുതിന്നു പരവുച്ഛ, മത്സ്യസൂയ,
ഇവയുള്ളിൽ കുടിവച്ചു സ്വയംനശിച്ചും
അന്യരേന നശിപ്പിച്ചുമീ"കലികാല"ത്തസംഖ്യംപേർ
മന്നിടത്തിൽ ക്രുത്തടിപ്പൂ"തടിമാട"ന്മാർ!!
അവർമർത്യസമൂഹത്തെയവഹേളിച്ചു,തിൻമ്പു
ഭവികങ്ങൾ നശിപ്പിപ്പൂ"കുലംകുത്തി"കൾ!!
സ്വാർത്ഥമാത്രപ്രസക്തരേ! നിങ്ങൾ നിത്യംകെട്ടുംകോട്ട
ആത്തരന്യസഹോദരർപൊഴിക്കും കണ്ണീർ
ചേർത്തുതീർത്തതാണ,തിനാൽ ബലപ്പെട്ടകില്ല, ക്ഷണം
പൃഥ്വിയിൽ പതിച്ചുപോകും കരുതികൊൾവിൻ.
സ്വയംനിങ്ങളുയരുവാൻ ശ്രമിപ്പിൻ,മററുള്ളവരേ
ക്ഷയിപ്പിക്കാൻ തുനിയാതെയടങ്ങിപ്പാർപ്പിൻ.
നിങ്ങളന്യജനങ്ങളേയധഃപതിപ്പിക്കാൻ വേല
ഭംഗിയായ് നടത്തീടുമ്പോ, ളാസാധുവർഗ്ഗം
തങ്ങളുടെ വൃദ്ധിക്കായി തനിയേയിരുന്നശ്രമം
ഭംഗമററുതുടരുകമാത്രമാണോർത്താൽ.
അവർനിങ്ങളനുഷ്ഠിക്കും കൃടതന്ത്രങ്ങളും കുഴി
അവസരം നോക്കിത്തോണ്ടുംനീചവൃത്തിയും
കട്ടകോളമറിഞ്ഞിടാതമരുന്നു;ദൈവംമാത്ര—
മുടനുടനവയെല്ലാം ഗ്രഹിച്ചീടുന്നു.

നിങ്ങൾ വയ്ക്കും ചൂണ്ടലിലാസ്വാദ്യമത്സ്യങ്ങൾ കുടുങ്ങും;
സംഗതിനിങ്ങൾക്കുപരോക്ഷഗുണപ്രദമാം.
സന്തോഷം വേണ്ടതുകൊണ്ടു, സാധുക്കൾതൻ നെടു
സന്താപവും വിലാപവും ശാപവുമെല്ലാം (വീർപ്പും
എത്തുമുടൻ ദൈവത്തിന്റെ തൃപ്പാദത്തിലവിടുന്നു
സത്യരൂപൻ, നീതിനിഷ്ഠൻ പകരംവീട്ടും.
ദുർമ്മതേ! നിൻപുലർകാലം മാത്രയിൽ മദ്ധ്യാഹ്നമാകും
ശർമ്മദം പകൽസമയം രാത്രിയാം വേഗം.
കർമ്മഫലംതിന്നിടാതെ നിവൃത്തിയില്ലാർക്കും, കുറേ
താമസിച്ചുപോയീടിലുമൊഴിഞ്ഞുപോകാ
ചുരുക്കിഞാനുരയ്ക്കുന്നു ക്രൂരക്കൂട്ടം കൂട്ടുകാരേ!
പരന്മാർക്കു നന്മയൊന്നും ചെയ്തില്ലെങ്കിലും
ഉപദ്രവിക്കാതവരേ ജീവിക്കുവാൻ സമ്മതിച്ചു
കൃപയോടേ വിട്ടയച്ചൊന്നടങ്ങിപ്പാർപ്പിൻ.
അവർക്കുള്ളുവളർച്ചയും ഗുണങ്ങളും, ലോകത്തിന്റെ
ശിവത്തിനുസഹായമാം; നിനക്കും പററാം.
അവനവൻതൻ വാസന വളർത്തുവാൻ തനിയേയും
നിവഹമായും നിതാന്തം പണിപ്പെട്ടുമ്പോൾ
ഈശ്വരനും സഹായിക്കും "കൂട്ടിൽകുത്തു" കൈവെടിഞ്ഞു
ശാശ്വതസുഖത്തിനായി പരിശ്രമിപ്പിൻ.

# 7.

# ദാരിദ്ര്യബാധ.

പാരിൽ പ്രശസ്തിപരമുള്ള ജനാവലിക്കും
പാരിച്ചതാപമതുളിസ്സതരാം കുഴക്കും
ദാരിദ്ര്യമൊന്നു നിരൂപിക്കുക ലോകരേ! വൻ—
പോരിന്നു തുല്യമവനിക്കൊരു ശത്രുവത്രേ.

ആവശ്യമുള്ളതഖിലം ഭുവി നൽകി വാഴും
ദേവങ്കലല്പമൊരു ചിന്തയെഴാതെ ലോകം
ഭീവിട്ടുതോന്നിയ പടിക്കു നടക്കയാലീ—
വൈവശ്യമാനിയമപണ്ഡിതനേകിടുന്നോ?

ശോകം പെടാതെ യവനെന്യ ജനമ്മല്ല്യസിക്കും
ശ്രീകം വ്യവസ്ഥിതി നിനച്ചു കൃതാന്തനഗ്രൻ
ധീകത്തുമീർഷ്യ പെരുകിപ്പകയോടു പഞ്ഞം
പാകം കടന്നപടി പാകുകയായിരിക്കാം!

കഷ്ടപ്പെടുന്ന സമയങ്ങളിൽ മാത്രമേ നാ—
മിഷ്ടപ്പെടുന്ന വിലയുള്ളവരേ സ്മരിക്കൂ;
ശിഷ്ടൻ കുചേലനൊരുവൻ ധനിയെങ്കിലുണ്ടോ
സൃഷ്ടാവിനേയവലുമായ് തൊഴുവാൻ ഗമിക്കൂ?

ശൎമ്മം വളൎന്ന സുകൃതീമണികൾക്കു തുഷ്ട്യാ
ധൎമ്മം നടത്തുവതിനല്ലൊരു മാൎഗ്ഗമായി
മൎമ്മജ്ഞനായ ജഗതീപതി കണ്ടെടുത്തോ
മൎമ്മം തുളയ്ക്കുമരിവാളിതു? ഹാ! വിചിത്രം!!

സന്താപസൗഖ്യയുഗ മിശ്രിതമല്ലി ലോകം?
സന്താപമെങ്ങനെ വരും പുരു വൃദ്ധിയിങ്കൽ?
ചൊന്നും രസേന നിഖിലേശ്വര നീയുദന്തം
ചിന്തിച്ചു പാൎത്തമിതിഭന്നയുലകത്തിൽ വിട്ടാൻ.

സമ്പുഷ്ടമാം വനതലത്തിലണഞ്ഞു സൎവ്വം
തൻപാട്ടിലാക്കി ഞെളിയുന്ന കൃശാൻപോലെ
വൻപാൎന്ന വിത്തകരെയും പിടികൂടി വേഗ-
മമ്പോ! വരട്ടി വിഹരിപ്പു വിഴച്ചു പഞ്ഞം!

യൂറോപ്പുയുദ്ധമതിനാലകലത്തിലുള്ള
നാമും പലതരവിപത്തുകളിൽകുടുങ്ങി
പാരം വലഞ്ഞഥ ദരിദ്രതയെഭജിച്ചു--
താരും മറന്നുകളവാനിടയില്ലയല്ലോ!

"അയ്യോ! വിശപ്പു പെരുകുന്നു സഹിച്ചുകൂടാ;
വയ്യോൎത്തുവാ"നിതുവിധം ഭുവികേണബാലർ
മെയ്യോൎത്തിടാതെ പരമിങ്ങുരുളുമ്പൊഴും നീ
കയ്യോടമൎത്തിയവരേ കൊലചെയ്കയല്ലീ?

ഊണുണ്ടുവീട്ടി, ലവനുണ്ടുവിരുന്നുമെങ്ങും
കേണുള്ളപാവമശനത്തിനുബുദ്ധിമുട്ടും!
കാണുന്നിവണ്ണമിഹ "പാപി കടന്നുചെല്ലും
കോണുഗ്രമാമുരഗലോക" മിതംപ്രസിദ്ധം!!

ക്ഷുത്താർന്നലോകമതിനുള്ള പരുങ്ങലേതു—
മുൾത്താരിലല്പവുമഹോ! നിനയാതെവാഴും
സത്താളിടുന്ന മനുജാവലിതെല്ലലിഞ്ഞി—
ട്ടോത്താശചെയ്വതു ദരിദ്രജനാവലംബം.

തട്ടോട്ടുവന്നു പെരുതായ വസന്തപോലെ—
പ്പെട്ടോടിടും പുരുദരിദ്രതയായമോട്ടോർ
ഒട്ടേറെയായമപുരിക്കു മനുഷ്യജീവ—
നിട്ടോഗമിപ്പു? ചുനയോടധകാലട്ടതൻ!

കഞ്ഞിക്കതെല്ലവകയെന്നിയെയാദരിദ്രർ
നെഞ്ഞിൽ കനത്തപരിതാപമൊടങ്ങുട്ടതാൽ
"മുഞ്ഞി"ക്കു കാറൊളി കലത്തിയടിച്ചുമാററു—
മാഞ്ഞിങ്ങഹോ! വനിതമാര,റിവററക്കൂട്ടർ!!

വ്യാധൻ മൃഗത്തെ വിരവോടു വധിച്ചിടുംപോൽ
"സാധു"ക്കളെബത! കുടുക്കിനപഞ്ഞമേ! നീ
ബോധിക്കണം, ധനികരുണ്ടു മഹാമനസ്കർ
ബാധിച്ചുനിന്നെയകലത്തിലൊഴിക്കുവാനായ്.

ത്തിക്കേറിനരാളിയേ സ്വപദിനിൻമയ്ക്കാർന്നവൻ പോരിനാൽ
കുത്തിക്കൊന്നു കളിച്ചിടുന്ന ദുരിതപ്പേയായ ദാരിദ്ര്യമേ!
സത്തില്ലാത്ത വഴക്കുവേണ്ട; ഭയമെമ്പാടുണ്ടു ഞങ്ങൾക്കുട-
ത്തെത്തിക്കൂട; ജയിച്ചതായി വകവയ്ക്കാമങ്ങു; ചൊല്ലാം സുഖം.

# 8.

# പണത്തിന്റെ പുറകേ.

(കളകാഞ്ചി)

ധരണിയിതിലഖിലജനമനവരതമേതൊന്നു
കാംക്ഷിച്ചുഃബാധം വെടിഞ്ഞുഴന്നീടുന്നു?
ഉരപെരിയമുനിവരരുമശനവിഭവത്തിനു
വസ്തുവേതൊന്നിനേയാശ്രയിച്ചീടുന്നു?
ജഗദധിപവടിവിവിഹഃകാവിലിൽപാക്കുന്ന
ദേവതാവർഗ്ഗവും മോഹിപ്പതേതിനേ?
അത്തു, വിവരമണുവുമിയലാത്തുള്ള ലോകക്കു
വിശേശനായ് തന്നെ മിന്നുന്നനാണയം,

ഇളമുഴവനാരഞ്ഞൊടിയിലമ്പമ്പ! ദുർഗ്ഗതി—
ക്കൊപ്പം ഭയങ്കരമാകുന്നസന്തതം!!
സുരുചിരഗുണാഢ്യമായ് നിർമ്മലാഭം കണ്ണ—
ക്കുജ്ജ്വലിച്ചീടുന്ന മാനുഷമാനസം
പണമതിന്നെഴും കൊതിത്തള്ളലാൽ കാർമേഘ—
പാളിചേന്നററം കലുഷം പ്രതിക്ഷണം!
അറിവധികമകതളിരിലാളും മഹാന്മാരു—
മോർത്താൽ കഴമ്പററ നാണ്യമാം ദേവനേ
പകലിരവുപണിപലതുചെയ്തു കുമ്പിട്ടുനി—
ന്നാരാധനംചെയ്തുവാഴുന്നു വിസ്മയം!
"ധരണിസുഖമൊരുവകയുമിവനിനിവരേണ്ട"ന്നു
സത്യവുംചെയ്തുപുരോഹിതവൃത്തിയിൽ
മികവൊടുകരേറിനിന്നാദർശമായന്യ—
ലോകരേ"നന്നാക്കു"വോനും "പണം" "പണം"
ജപമിതിസദാ; സുഖം കാഞ്ചനക്കട്ടിലിൽ
തന്നേകിടക്കിലേ കിട്ടുവെന്നാംഭ്രമം!!
ധനപതിയിലഖിലഗുണ,മില്ലാതെകെട്ടിവ
ച്ചാസ്സായുമർത്ത്യനേ ദൈവമായ് ധ്യാനിച്ചു
അവനുടയവൃറകു പിരിയാതെക്കൂടിസദാ
മൂർദ്ധാവു താഴ്ത്തിയും നട്ടെല്ലുകുച്ചിയും
പ്രതിദിവസ,മനുനിമിഷമെത്രനാണംകെട്ട
പാവങ്ങൾ, ബുദ്ധിശൂന്യന്മാർ സുഖിക്കുന്നു?!
സരസമൊരു വചനമുരിയാടുവാൻ വയ്യാത്ത
വിഡ്ഢിയാം വിത്തകൻതന്നെയാസേവകർ

സ്തുതിവചനമമൃതസമമോതിയൻപോടെട്ടു
ത്തദ്ധ്യക്ഷനാകുന്നവൻസഭയിൽ ദ്രുതം!
അവനവിടെയഴകിനൊടു ചെയ്യേണ്ടഭാഷണം
സേവകർതന്നേയെഴുതിവായിച്ചിട്ടും.
തലനിറയെയറിവുപലതേറെന്നാലുംകൊണ്ടുപൂ—
ണ്ടുത്തമപണ്ഡിതനായിപ്പുകഴ്ത്തിടും
മഹിതനൊരു സഭയിലുമട്ടക്കേണ്ട, നാണയം
നിരവധിഗൃഹത്തിങ്കലില്ലെങ്കി,ലത്ഭുതം!!
മനുജഗുണ"മതി"യതിനെമുഷ്ക്കാൽ വിഴുങ്ങുന്ന
രാഹുകേതുക്കൾ താൻ നാണ്യങ്ങൾ ഭീകരം!
ഗുണമഹിതരവിയതിനെ യുക്കാൽ മറയ്ക്കുന്ന
കാളമേഘങ്ങൾ താൻ നാണ്യങ്ങൾ നിഷ്ഠുരം!!
ഗുണസുധയിലലിവുചെറുതെന്നിയേ കാകോള—
മുറവുന്നനാശം പിടിച്ചവർനാണ്യങ്ങൾ!!
ധരണിതലമിതിലരിയരാക്ഷസന്മാരിവ—
രെത്ര സാധുക്കളേ, പണ്ഡിതരാജിയേ,
കവികളെ, മഹാന്മാരെ, വാചാലരേഞെക്കി
മുളയതിൽ; മഹേശ്വരാ! സാഹസം!! സാഹസം!!
മുടിയുക, മനുഷ്യന്റെ മാററുഹിതംപോലെ
മാററിമറിക്കുന്ന പാഷാണഖണ്ഡമേ!
മുടിയുക,മനുഷ്യരേ പാപിഷ്ഠരാക്കുന്ന
പാഴ്പിശാചേ! ഖലൻ നാണ്യമേ! നീക്ഷണം!!

# 9.

# കലാകാരൻ

(കേക)

ആരഹോ! ജഗത്തിന്റെ മോഹനവിലാസങ്ങൾ
ചാരുവാംകരംകൊണ്ടും മററു ശക്തികൾകൊണ്ടും
തെളിച്ചുകാട്ടീടുന്നു? കുളുപ്പിക്കുന്നു ചിത്തം?
ഗളിതഗർവ്വനയാൾ തന്നെയാകലാകാരൻ.
മോടിയില്ലവനെന്നു വന്നിടാം; വസതിയും
മേടയല്ലായിരിക്കാം; വിത്തവും കുറവാകാം;
എങ്കിലുംബഹുമാന്യൻതാനയാൾ; ദൈവത്തിന്റെ
കിങ്കരൻ, തദ്വാൽസല്യം മുററുമാർന്നിരിപ്പവൻ!
സ്വാമിയാം വിശേ്വശന്റെ പാവനമാഹാത്മ്യങ്ങൾ
സാമോദം സദാഗാനം ചെയ്‌വോനുമവൻതന്നേ!
മററുജോലികൾ ചെയ്തുമന്യരേനശിപ്പിച്ചും
പാററമായ്‌ധനം നേടാൻനേരമില്ലയാൾക്കൊട്ടും.
കട്ടിട്ടോകവർന്നിട്ടോ നേട്ടമായ്‌സ്വർണ്ണക്കട്ടി
കൂട്ടിവച്ചിരുന്നെങ്കിൽ, പാവമീകലാകാരൻ
സ്തുതിഗീതമാംമാല കണ്ഠത്തിലൊതുങ്ങാഞ്ഞു
സുതരാംകുഴഞ്ഞേനേ! ശ്വാസവും തടഞ്ഞേനേ!!

ഇപ്പൊഴോ? കലമൂലം രസമാം പാൽപായസം
രാപ്പകലിതരരേ മൂക്കോളം കുടിപ്പിക്കെ,
ചൊൽപ്പൊങ്ങുമവൻ, ദൈവം"വല്ലപാട്ടു"മിങ്ങേകും
സ്വല്പമാമാഹാരത്താൽ സംതൃപ്തനായി വാഴ്വൂ!
മർത്ത്യൻെറ കൃതഘ്നത പാർക്കുകിൽ ഭയംകരം!
ക്ഷുത്തിനാൽ വലഞ്ഞന്യനീ"നമ്മെ" സേവിക്കണം!!
കുഴഞ്ഞകരങ്ങളുമൊഴിഞ്ഞ വയറുമായ്
കിഴിഞ്ഞുനിന്നതന്നെ തടവിയുറക്കണം!!
പാതിരാവിലും നിദ്രവേണ്ടവ; ന്നൊരിക്കലും
കൈതിരിക്കൊലാ; താനവീണുപോയാലും കുററം!!

അല്ലയോ കലാകാരാ! നിന്നുടെ മഹിമകൾ
നല്ലപോൽ വർണ്ണിപ്പതാർ? നീതന്നെ മഹാധന്യൻ!!
എന്മാട്ടും ദൃഷിച്ചുള്ളോരിലരാത്രി ഭവാൻചെയ്യും
വന്ദിച്ച സേവനത്താൽ നാകമാം ചിലനേരം!
നീ ചെയ്യുമുപകാരം വേണ്ടപോൽ ഗ്രഹിക്കാത്ത
നീചന്മാർ, ഭവാൻെറയല്ലി, ബഹുഭുവിൻകളങ്കങ്ങൾ!!
ഒട്ടുമേപതുങ്ങേണ്ട, പാട്ടുകൾ പാടീടുക,
തിട്ടമായ് ഹൃദയമുള്ളോരുകളുണ്ടാം കേൾപ്പാൻ.
അല്ലെങ്കിൽ, ഘോരപാപദുർവ്വിഷക്കാററടിച്ചു
വല്ലാതെ ഭയദമായ് വർത്തിക്കുമന്തരീക്ഷം
താവകമനോജ്ഞമാം ഗാനത്തിൻമാധുര്യത്താൽ
സാവധാനമെങ്കിലും ശുദ്ധമായ് ഭവിച്ചീടും.
വാച്ചൊരുനിരാശയും വിശപ്പുംകൊണ്ടു തള—
ർന്നുച്ചരിക്കാതെവായും, തൂവൽപോയ് കരങ്ങളും

അലസങ്ങളായെന്നാൽ തെററുണ്ടു; ധരാതലം
കല്യഷവിലക്ഷണനരകസ്ഥലമാകം!
പട്ടിണിയിട്ടു ലോകം ഹാ! നിന്നെക്കൊല്ലുമ്പോഴും
പാട്ടുകൾ പാടിടണം; ചാകുമ്പോൾ നിന്നീടട്ടെ.

## 10.

# മുററത്തെ മുല്ലയോട്.

പുതുശോഭവഹിച്ചുവീട്ടുകാരേ
തരസാ വാസനകൊണ്ടു തുഷ്ടരാക്കി
ഇരവുംപകലും തെളിഞ്ഞുനിൽക്കു—
ന്നൊരുമുല്ലേ! തവമംഗളംമനോജ്ഞേ!

പ്രതിവാസരമാഗമിച്ചിട്ടുന്നോ—
രതിഥീമൗലികൾതന്നെയാദരിച്ച്
പുതുപുഷ്പസമൂഹമർച്ചനം ചെ—
യ്തുതുലോ! ക്രൂറൊട്ടു സൽക്കരിക്കയോന്നി?

ഭുവനാങ്കണമെത്ര മോഹനം, നിൻ-
ധവളാനർഘസുമം വിരിഞ്ഞുനിൽക്കെ!
ഭവനത്തിലെഴുന്ന മറവുദീപം
ഛവികെട്ടുള്ളവ; നീകെടാവിളക്കാം!!

മഹിതേ! തവസൽഗ്ഗുണങ്ങളൊന്നും
മറയന്മാർ, നരർകണ്ടു വാഴ്ത്തുകില്ല!
അതുമല്ലവർ കുററമോതിനിന്നിൽ
കരിതേയ്ക്കും; പതിവാണവർക്കിതെല്ലാം!!

ബഹുസൗരഭമിങ്ങുതൂകവേഹാ!
മണമില്ലെന്നു നിനക്കു കുററമെന്നും!!
പകലും നിശയെന്നു ജല്പനം ചെ—
യ്തുമതും മർത്ത്യനു കണ്ണുമില്ല മൂക്കും!!

തവനിസ്തുലമായ മേന്മ, സാക്ഷാൽ
കവിവർഗ്ഗം വിവരിച്ചിട്ടും ദശായാം
ചെവിയററമനുഷ്യകീടമാര്യേ!
ഭവതിക്കെൻ മുകിൽവേണി! കുററമോതും!!

ഗുണരാശിമികച്ച ദോഷമായും,
പരമാർത്ഥം പൊളിയായും, മത്രയല്ല
ക്ഷമശക്തിയെഴായ്കയായുമല്ലോ
ഭുവനംകാണ്മതു പണ്ടുമിന്നുമെന്നും!!

കരയേണ്ടമനോഹരാംഗിമുല്ലേ!
ശരിയായിതവകൃത്യമാചരിക്ക:
പെരുകുന്നൊരു നിൻെറ മേന്മനന്നാ—
യറിയും ലോകമൊരിക്കലെന്നടങ്ങാം.

കുററനിന്നിലസംഖ്യമേററിവയ്ക്കും
നരർ, നിൻനന്മയറിഞ്ഞിടായ്കയല്ല;
കരൾമുററുമസൂയ, ദുഷ്പ്രവാദ—
ക്കറയായ്മന്നിലഹോ! പരക്കയത്രേ!

ഒരുദോഷവുമാക്കുമതഭവിക്കാ—
ത്തൊരുസൂക്ഷ്മത്തൊടൊതുങ്ങിവാണിടുമ്പോൾ
വെറുതേയപവാദശസ്ത്രമൂക്കിൽ
തരസാ നിന്നിലയപ്പതെത്ര കഷ്ടം!?

വലുതായ ചുവപ്പു കണ്ടുമോഹി—
ച്ചുലമാക്കെട്ടുമുരിക്കുപൂവിനേഹാ!
തലയിൽ തിരുകുന്നുവൻപ,രപ്പോ—
ളുലസാംഗീമണിമുല്ലകേണിടുന്നു!!

നിലവിട്ടൊരുസേവയില്ല; നിത്യം
വലിയോരേ തൊഴുവാനടുക്കയില്ല;
ചിലതുണ്ടുനിനക്കു കുററമിത്ഥം;
വലുതാകാത്തതിനായതാം നിമിത്തം.

ത്തുലയറ്റൊരു തേൻകുടിച്ചുതുള്ളും
ശലഭത്തിൻനിര, നിൻപ്രഭാവമത്രേ
നലമോടിഹ പാടിടുന്നു രമ്യേ!
ഖലർ തൻ ജല്പനമായതിന്നടിക്കാം.

വിലു്ക്കൂടിയ പണ്ടവും, മിനുക്കിൻ—
ബലമേൽക്കെത്തെളിയുന്ന വൃച്ഛമാത്രേ!
ചിലവേളതിരിച്ചുകാട്ടു;മപ്പോൾ
നിലകിട്ടാംതവ;തങ്ക,മാശ്വസിക്കൂ.

ജഗദീശനു പക്ഷപാതമി,ല്ലാ—
ബ്ഭഗവാൻ നീതിനടത്തു,മെന്നുമല്ലേ!
നിഗമപ്പൊരുളോമനിച്ചുനിന്നെ
ഭഗവൽപാശ്വമണച്ചുതുഷ്ടയാക്കും.

ധരയിതിലധികംനാൾ വാഴുകില്ലാരു;മിപ്പോൾ
പരമപദമെടുപ്പോൻ നാളെവട്ടം കറങ്ങാം;
കരുമനതവചേക്കും കൂട്ടരെല്ലാം മുടിഞ്ഞി–
ട്ടുരുതരമയി, നിൻപേർമാത്രമാളും നിലാവായ്!!

## 11.

# ചന്ദ്രികയിൽ.

(പാന.)

സുന്ദരശരൽകാലം വിയത്തിന്നേ
മന്ദമൻപിൽത്തഴുകിത്തെളിക്കയാൽ,
ക്രൂരമേഘശകലം കരിമ്പട—
ക്കീറുപോൽനിന്നുപദ്രവിക്കായ്കയാൽ
ചാരുചന്ദ്രൻ, ജഗത്തിൻ മണിവിള—
ക്കാരുടേയും ഭവനം വിളക്കുവാൻ
ആഗമിച്ചുടൻ; മുൻപുമറഞ്ഞുള്ള
സൂര്യദേവൻെറ നവ്യാവതാരമോ?
തെററി; യാശല്യമെങ്ങു, തീക്കണ്ഡ? മീ—
ക്കുററമററുള്ള വെള്ളിക്കുടമെങ്ങോ?!
മുഷ്കുകൂടിയകാലനതെങ്കിലീ—
ക്കുട്ടനോമൽഗണനാഥനാണഹോ!
ഘോരനാംരവിതൻെറ ഭരണത്താൽ
പാരം മർദ്ദനം ഹാ! ഹാ! സഹിച്ചനാം
ശീതളസ്വാന്തനാകുമീ"രാജ"നേ
സാദരം പുകഴ്ത്തുന്നതാശ്ചര്യമോ?

സത്യമീമതി, ദേവലോകത്തിൽനി--
ന്നത്തമൻ, ചൊരിയുന്നതമൃതല്ലീ?
ആയതല്ലാല്ലമാസ്വദിച്ചല്ലീനാം
കായ്യം കായവും ഏറ്റം തണപ്പിപ്പൂ!
കാമധേനുവാം പാക്കിൽ സുധാകരൻ;
ക്ഷേമം ചന്ദ്രികയപ്പുയ്യിൻ ദുഗ്ധമാം!
ജീവരാശികളിപ്പാൽ കുടിച്ചല്ലോ
ഭൂവിലിങ്ങനെ സാനന്ദം വാഴന്നു!
കല്പവൃക്ഷമെന്നെന്നും വിളിപ്പതും
ചൊൽപ്പൊങ്ങും ചന്ദ്രബിംബമേ തത്തന്നെനാം!
പൂനിലാവല്ലവീഴുന്നതങ്ങനി--
ന്നുനമററകുസുമസഹസ്രങ്ങൾ!!
സ്വച്ഛമാകാശഗംഗകരകവി--
ഞ്ഞിച്ചപോൽമന്നിലേയ്ക്കൊഴുകുന്നതോ,
സോമബിംബരജതപാത്രംദേവ—
സ്തോമംനന്നായുതകിത്തണുപ്പിച്ച്
ലീലയാഭൂവിലേയ്ക്കുവീഴ്ത്തുന്നതോ
ലോലചന്ദ്രികാകൈതവാൽ കാൺമുനാം!
ലോകദീപമേ! ജൈവാതൃകാ! ഭവൽ
ശ്രീകരവിശ്വസേവനകൃത്യത്തിൽ
എത്രകൊച്ചുവിളക്കുകൾ, താരങ്ങൾ
മാത്രതോറും സഹായിപ്പചുററുംതേ!
വൻപിയന്നവൻ നല്ലകാൎയ്യത്തിനു
മുമ്പിറങ്ങുകിൽ മററുള്ളോരപ്പൊഴേ

ക്രടവേ ചാട്ടമെന്നു ഭവാൻതെളി—
ച്ചാടലില്ലാതെ കാട്ടുന്നുഞങ്ങൾക്കു്!!
ഹാ! ഭവാന്റെ വലിപ്പവും മേന്മയും
പ്രാഭവങ്ങളും വർണ്ണ്യമല്ലാക്കമേ!
ഓക്കുകിൽ വാക്കുവേണ്ട, നക്ഷത്രങ്ങ—
ളക്കഥമൌനമായ് പ്രസംഗിക്കയാം.
എണ്ണമില്ലവയ്ക്കോ,രോന്നുമെപ്പൊഴും
ഗണ്യമാം ശക്തിപേറുന്ന ശോഭയും;
ഒത്തുക്രടിയാൽ നിന്നഭാവത്തിലും
പൃഥിവിയേവിളക്കും വിളക്കെന്നപോൽ.
മൂല്യമേറുന്ന രത്നങ്ങളൊൻപതെ—
ന്നല്ലിസ്സൂരികൾ തീർച്ച കല്പിച്ചു? ഹാ!
എന്തറിഞ്ഞു കഥയവർ! നക്ഷത്ര—
പംക്തിയേ വിട്ടു സംഖ്യ തികച്ചുപോയ്!!
താരമോരോന്നുമായിരം കല്ലുകൾ—
ക്കാരും കാണുംവിലയിടിക്കുന്നതാം!!
മാനുഷന്റെ കഥയില്ലായ് മയ്ക്കുണ്ടോ
മാനം? ആയവനൊന്നുമറിഞ്ഞില്ല!
സാരമില്ലാത്തവയ്ക്കു വലിപ്പവും
ഭാരമേറും ബഹുമാനവും ക്ഷണം
ലോഭമില്ലാതെ നൽകുമവ,നെന്നാൽ
കാര്യമായവതെല്ലും ഗണിക്കില്ല!
ഒന്നുചൊല്ലാം ദൃഷ്ടാന്തം, നിരവധി
തോന്നുമെങ്കിലും വിട്ടുകളയുന്നേൻ.

അത്ഭുതകരമാമിപ്രപഞ്ചവും
ചൊൽപൊങ്ങുമതിൽപെട്ട വസ്തുക്കളും
സൃഷ്ടിചെയ്തുഭരിപ്പവനുണ്ടൊരാൾ;
സ്പഷ്ടമാണതു സ്വല്പംനിനയ്ക്കുകിൽ.
പണ്ഡിതന്മാർ സകലരും സമ്മതി—
ച്ചുണ്മയിലിതു വിശ്വസിക്കുമ്പൊഴും
"വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്ന"വർ ചിലർ
ദൈവമില്ലെന്നു ഘോഷിച്ചു, നീതിയും
കൈവെടിഞ്ഞു, വകതിരിവില്ലാതെ
ഈശഭക്തരേ മുററും പരിഹസി—
ച്ചാശപോലെ സുഖിച്ചുപുളയ്ക്കുന്നു!!

# 12

# മാതൃകാമഹിള *

(മാവേലിനാടുവാണിടും കാലം, എന്നപോലെ)

സുന്ദരിമാർക്കുകിരീടമാകു —
മാൻറിഗോണെത്രസുശീല, സാദ്ധ്വി!
രാജധാനിക്കു മണിവിളക്കായ്
രാജിച്ചുസാക്ഷാൽ ഭൂലോകലക്ഷ്മി.
പോളിനീഷസ്സ്, ഏററിയോക്ലീസും
സോദരന്മാരാണുപെൺകൊടിക്ക്
തമ്മിൽകലഹിച്ചീസോദരന്മാർ
ദുർമ്മരണത്തിൻെറ വായിൽവീണു!
ക്രീയോണെന്നുള്ളപിതൃവ്യൻ, പ്രഭു
നാടുപിടിച്ചുഭരണമായി.
ഏററിയോക്ലീസിനെ മാന്യമായും
തൻമതാചാരപ്രകാരവുംതാൻ
സംസ്കരിച്ചാൻ നവ്യനാടുവാഴി

* ഗ്രീഷ്യൻ മഹാകവി സോഫോക്ലിസിൻെറ ഒരു നാടകത്തിൽ നിന്നു്

ലോകക്കമായതിൽ തൃപ്തിയുണ്ടായ്.
പോളിനീഷസ്സിൻെറ ഗാത്രമാകെ
പക്ഷികൾക്കാഹാരമാംവിധത്തിൽ
എങ്ങോപറമ്പിലെറിഞ്ഞീടുവാൻ
തിങ്ങുന്നരോഷാൽപ്രഭുകല്പിച്ചു.
ആശവമത്തതൊട്ടും മർത്ത്യജീവി
ശീഘ്രംമൃതിക്കിരയാകുമെന്നും
കല്പനയുണ്ടായിത,പ്പരസ്യ—
മുൾപ്പൂവിലേവക്കുമല്ലലേററി!
മണ്ണിലടക്കാത്ത ഗാത്രമാക്ക—
ണ്ടെ,ന്നാനതയാൾക്കുള്ളനാശം!
വിണ്ണിൽഗമിക്കയില്ലായവന്നു—
ള്ളാത്മാവു, ചുററിത്തിരിയുമെങ്ങോ!!
നീഢജാഹാരത്തിനാശവത്തെ
പാടേത്യജിപ്പതുംനീചനീചം!!
ആയതുമൂലംകുടുംബത്തിന്നും
ബന്ധുക്കൾക്കും ദുഃഖമുത്ഭവിക്കും!
ഈവമട്ടിലെല്ലാംദൃഢവിശ്വാസം
ഗ്രീക്കരിൽതിങ്ങിയിരുന്നുപണ്ടേ.

ആൻറിഗോ,ണാങ്ങളതന്നെതൻെറ
പ്രാണങ്ങളേക്കാളുംസ്നേഹിക്കയാൽ
ഉൾത്താരുപൊട്ടിക്കരഞ്ഞു പാവം;
പൃത്ഥ്വീതലത്തിൽകിടന്നുരുണ്ടു.
നിസ്സഹായസ്ഥിതിതന്നിലെത്തി

അന്ധയായ്തനാവിനിലവിളിച്ചാൾ.
പിന്നീടെണീററവൾചുററും നോക്കി
താനേയുഴന്നുനടന്നീടുമ്പോൾ
കണ്ണില്ലംഏത്തില്ലമൊപ്പംകഷ്ടം!
തിണ്ണംക്രൂരമൃകൾപായിക്കുന്ന
കാഴ്ചയൊന്നന്തികദേശത്തിങ്കൽ
കാർവേണികണ്ടുഞെട്ടങ്ങിക്ഷണം
തങ്കത്തെവെല്ലുംസഹജഗാത്രം
പങ്കംകലൎന്നവെളിമ്പറമ്പിൽ
തങ്കും കരിവാളിപ്പോടും, പ്രാണി—
സംഘത്തിൻ സംസൎഗ്ഗത്തോടും കൂടി
തൻെറയും പൂൎവ്വികന്മാരുടേയും
പാപഭാരത്തിൻ പകർപ്പുപോലെ
ഹാ! ഹാ! കിടപ്പൂ; തലകറങ്ങി
പാവം പതിക്കയായ് ഭൂതലത്തിൽ!!
ഒട്ടു കഴിഞ്ഞു സ്വബോധമല്പം
കിട്ടവേ വൻസ്നേഹചാപല്യങ്ങൾ
ഒട്ടേറെ കാണിച്ചു, രക്തബന്ധം
പെട്ടെന്നിളകി പ്രവഹിക്കയാൽ!
കെട്ടിപ്പുണർന്നുകൊണ്ടുമ്മവച്ചും
വാവിട്ടുകേണുമാറത്തടിച്ചും
സോദരസൽഗ്ഗുണമെണ്ണിയെണ്ണി
സാദരമോതിയും വീർപ്പുവിട്ടും
അന്ധകാരത്തിൻെറയാഴങ്ങളിൽ

ബന്ധുരഗാത്രിതപ്പിത്തടഞ്ഞാൾ!!
കഞ്ജകുസുമത്തിലെന്നപോലെ
മഞ്ജുളമായ സഹജാസ്യത്തിൽ
വണ്ടുകൾ സൈന്യസമേതം ചുററി
ക്കൊണ്ടു പാറുന്നതു കണ്ടനേരം
കൊണ്ടൽവേണിക്കു കരകവിഞ്ഞ
ന്നിണ്ടലാം സാഗരം തള്ളിക്കേറി!
തൻ സഹജൻെറയാത്മാവുതെല്ലും
ശാന്തിലഭിക്കാതെയംബരാന്തേ
തെണ്ടിത്തിരിവതും കണ്ടാൾതന്വി
കുണ്ഠതയോടുതൽഭാവനയിൽ!
അദ്ദേഹിതന്നോടഭയം കെഞ്ചി
തൻചെവിരണ്ടിലും മാറിമാറി
മന്ത്രിപ്പതും ക്ഷണമാവധൂടി
സ്വപ്നത്തിൽകണ്ടുപരിഭ്രമിച്ചു.
എന്തലപോകിലും സോദരൻെറ
സന്തപ്തദേഹികളെഞാനഭയം
ക്ഷിപ്രംകൊടുക്കുമെന്നാത്തധൈര്യം
ദീപ്രാംഗിനേരം ചിലപ്പോ,ളുടൻ
മൃത്യുഭയമാം വൻകോട്ടമുൻപിൽ
പർവ്വതം പോലെയുയൎന്നുകാണും
കാർവേണിതൻെറയകമലരാം
യുദ്ധക്കളത്തിൽ രണ്ടുഗ്രചിന്ത,
സോദരസ്നേഹം, മരണഭീതി,

തമ്മിലിടഞ്ഞവയുഖമായി.
വീചീയുഗളം പൊരുതുംപോലെ
ചണ്ഡവാതങ്ങൾ കയക്കും പോലെ
ഒട്ടേറെനേരം നടത്തീരണം;
തിട്ടംജയിച്ചുസഹജപ്രേമം!
വൻവിജയത്തിന്റെ കൂട്ടുകാരായ്
ധൈര്യവും ത്യാഗമനസ്ഥിതിയും
തനിതൻ"മാനസ"പ്പൊയ്കനീററിൽ
തത്തിക്കളിച്ചുമരാളംപോലെ!!
ജീവിതപ്രേമമാമഗ്നിജ്വാല
പാപത്തിൻ ഏത്തിലതിനിടയ്ക്കും
അല്പാല്പം കാളിവളന്നിരുന്നു;
താല്പര്യമെന്തുമോ ജീവിപാവാൻ?
പിന്നീട്ട താമസിച്ചില്ല, സ്വയം
നന്നായ് കുഴിയൊന്നു തീർത്തുനാരി;
പ്രേതമതിലേയ്ക്കു കൊണ്ടുവയ്പാൻ
വീതശങ്കം ശ്രമം ചെയ്തു താനേ.
അപ്പണി സാധിപ്പാൻ ക്ലേശമെന്നു—
ള്ളുൾപ്പൂവിൽ ബോധിച്ചു, സോദരിയെ
താങ്ങാൻ വിളിക്കവേ, പാവം പേടി—
ച്ചെന്നങ്ങാമറഞ്ഞുകളഞ്ഞു വേഗം!!
ആൻറിഗോൺതന്നേയനന്തരം തൻ—
ശക്തിമുഴുവനെടുത്തു വീണ്ടും
യത്നിച്ചു തൽകൃത്യം സാധിച്ചഹോ!

പാരം കൃതാൎത്ഥതപൂണ്ടുചേലിൽ!!
നാട്ടുവാഴിക്കെഴും കല്പനയേ
പാടേലംഘിച്ചവധൂടിപിന്നെ
സോദരാത്മാവിനെ ചെന്നുകാണ്മാൻ
മോദേനമോഹിച്ചു വാഴുകയായ്.
ലോകത്തിൽ ബന്ധുക്കളാരുമെന്യേ
ഭീകരവാർദ്ധിയിൽ തോണിപോലെ
ആ സാധുപെൺകൊടിദീൎഘചിന്താ
കല്ലോലമാലയിൽ നൃത്തമാടി.
കാനനമദ്ധ്യത്തിൽപെട്ടപോലെ
സാഹാറതന്നിലണഞ്ഞപോലെ
കത്തുന്നവീട്ടിന്നറയിൽപെട്ട
ഹൃത്തുപതറിയാലെന്നപോലെ
വൎത്തിക്കും മാനിനി കാലൻ തന്റെ
പോത്തിൻമണിനാദമുള്ളിൽ കേട്ടു!
പ്രാണഭയംവാച്ചസുന്ദരിക്കു
നട്ടുച്ചയും കാളരാത്രിയായി!
എന്തിനുവിസ്തരിച്ചോതുന്നു ഞാൻ
അന്തകൻ തന്റെ സഖിയാക്രിയോൻ
നിർദ്ദയമായ്യേഹിംസിപ്പതി—
ന്നാജ്ഞകൊടുത്തുതൽഭൃതന്മാൎക്കു്.
ആയവർതൽക്ഷണം വെമ്പലാററി
പേശലഗാത്രിയേനാകമേററി.
അല്ലലാംതീയിൽ ദഹിക്കുന്നോക്കു

കൊല്ലുന്നകാലന്നാണേററബന്ധു.
ക്രൂരൻ പ്രഭുവിൻപെൺ മൗലിതൻ
വീരഗാത്രത്തെനശിപ്പിക്കാനേ
സാദ്ധ്യമായുള്ളു; തൽകീർത്തിസൂനം
കാൺമൂനാമിപ്പൊഴും ചന്ദ്രികയായ്!!

— I —

# ഏലിയാനിവ്യായും ആഹാബും.

ശ്രീമാൻ ജോസഫ് മുകളയിൽ നിർമ്മിച്ച "ഏലിയാനിവ്യായും അഹാബും" എന്ന ഖണ്ഡകൃതി ഞാൻ വായിച്ചുനോക്കിയതിൽ ഈ കവിയുടെ വാസന എന്നെ ഏററവും സന്തോഷിപ്പിച്ചിരിക്കുന്നു. നല്ല ഒഴുക്കും പഴക്കവുമുള്ള ഈ കവിത കേരളീയകത്തോലിക്കകോൺഗ്രസ്സ സംബന്ധിച്ചു നടത്തപ്പെട്ട സാഹിത്യമത്സരപരീക്ഷയിൽ പ്രഥമസമ്മാനത്തിന് അർഹമായി തീർന്നതിൽ അത്ഭുതപ്പെടുവാനില്ല.

"ആ മന്നവൻെറ മണിമേടയൊടൊട്ടടുക്കൽ
കേമത്തമാർന്ന നറുമുന്തിരിവാച്ചതോട്ടം
ഓമൽപ്രഭാപടലിവീശിവിളങ്ങി; കാൺമോ
ർക്കാമഞ്ജുവാടിനയനോത്സവമായിരുന്നു."

ഇത്യാദിപദ്യങ്ങൾ ശക്തിമാന്മാരല്ലാത്ത കവികൾക്കു രചിക്കുവാൻ സാധിക്കുന്നതല്ല. മിസ്റ്റർ ജോസഫിൻെറ ഈ സദ്വ്യവസായത്തിൽ അദ്ദേഹത്തിനു സർവ്വമംഗളങ്ങളും സിദ്ധിക്കട്ടെ എന്ന് ജഗദീശ്വരനെ പ്രാർത്ഥിച്ചുകൊള്ളുന്നു.

ഉള്ളൂർ.

രചനാഗുണംകൊണ്ട് കണ്ണിനുസുഖത്തെ കൈവളർത്തുന്ന ഒരു ഖണ്ഡകാവ്യമാണ് "ഏലിയാനിവ്യായും അഹാബും." ബൈബിളിലെ ഒരു ഇതിവൃത്തത്തെ അധികരിച്ചുള്ള ഈ കൃതി കേരളീയ കത്തോലിക്കാകോൺഗ്രസ്സിൻെറ ആഭിമുഖ്യത്തിൽ നടന്ന സാഹിത്യപരീക്ഷയിൽ പ്രഥമസംഭാവനാർഹമായി പരിശോധകന്മാരാൽ ഗണിക്കപ്പെട്ടതു യുക്തംതന്നെ. അതെ, കോൺഗ്രസ്സിനാൽ ആദരപൂർവ്വം നൽകപ്പെട്ട ആ കീർത്തിമുദ്രയാകുന്ന കനകപുഷ്പം ചൂടുന്നതിന് അർഹ തന്നെയാണ് ജോസഫ് മുകളയിൽ അവർകളുടെ കവിതാവിലാസിനി! ഇദ്ദേഹത്തിൻെറ കവനോദ്യമത്തിനു ഞാൻ കല്യാണം ആശംസിക്കുന്നു.

വള്ളത്തോൾ.

# സുധാലഹരി.

"ശ്രീയേശുക്രിസ്തുവിനേ, ദൈവത്തിൻകുമാരനേ
ധീയേറുമററക്കൂട്ടർ, മനുഷ്യരാക്ഷസന്മാർ
വല്ലാതെയുപദ്രവിച്ചൊട്ടുവിൽ ക്രൂശിൽത്തൂക്കി
കൊല്ലാനും നിമിത്തമാർ? ദുഷ്ടയാമസൂയേ! നി
നിന്നുടെ താന്തോന്നിത്തം ക്രൂരതൾ വർണ്ണിക്കുവാൻ
തോന്നുന്നി,ല്ലുള്ളമെൻെറ പേനയും വിറയ്ക്കുന്നു."

ഈ വരികൾകൊണ്ടു് ഭാരതീയർ പാശ്ചാത്യരേക്കാൾ ഇന്നു് മനുഷ്യ"ജന്തു"മായ സ"മര"ത്തിനു മരണം വരുത്തുവാൻ, സം"ശര"ത്തിനു വിഷം കൊടുപ്പാൻ മതിയാകുമെന്നു തെളിയിക്കുന്നു. വിദ്വാൻ ജോസഫ് മുകളയിലിനു് കേരളത്തിൻെറ കീർത്തിവർദ്ധിപ്പിക്കുന്നതിനുള്ള കോപ്പു വേണ്ടുവോളമുണ്ടെന്നു "സുധാലഹരി" വിശദമാക്കുന്നു.

സി. എൻ. എ. രാമയ്യാശാസ്ത്രി എം. എ.

---

"സുധാലഹരി"യിൽ ചില ഭാഗങ്ങൾ ഞാൻ കൗതുകപൂർവ്വം വായിച്ചു. നിങ്ങളുടെ കൃതികൾക്കു സ്വതസ്സിദ്ധമായ അക്ലിഷ്ടതയും ലാളിത്യവും ഇതിൽ തെളിഞ്ഞുകാണുന്നുണ്ടു്. കവനത്തിലുള്ള നിങ്ങളുടെ ദ്രുതതയ്ക്കും വാസനാബലത്തിനും പാലായിൽവച്ചു നടന്ന മത്സരപ്പരീക്ഷയിൽ വേണ്ട ലക്ഷ്യങ്ങളുണ്ടായിട്ടുള്ളതാണു്. അന്നത്തെ അങ്കുരങ്ങൾ ഇന്നു് ഏതാണ്ടു് പക്വാവസ്ഥയിലെത്തിയിരിക്കുന്നു എന്നു പറയാം. നിങ്ങളുടെ ഭാവനാബലത്തിനു് "സുധാലഹരി"യിൽ ചിലഭാഗങ്ങൾ ഉത്തമോദാഹരണം വഹിക്കുന്നുണ്ടു്. ചില വരികൾ എന്നെ കൂടുതലായി ആകർഷിച്ചു എന്നു ചുരുക്കാനേ തൽക്കാലം നിവൃത്തിയുള്ളു. പലപ്പോഴായി എഴുതീട്ടുള്ളവയും പല പത്രങ്ങളിൽ ചേർത്തിട്ടുള്ളവയുമായ നിങ്ങളുടെ ഖണ്ഡകാവ്യങ്ങൾ ഇപ്രകാരം

ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കാൻ നിശ്ചയിച്ചതു് എല്ലാം കൊണ്ടും ശ്ലാഘ്യമായിട്ടുണ്ടു്. ഈ ഉദ്യമത്തിൽ ന്യായമായി അർഹിക്കുന്ന പ്രോത്സാഹനം നിങ്ങൾക്കു സിദ്ധിക്കട്ടെ എന്നു് ആശംസിച്ചുകൊള്ളുന്നു.

തെങ്ങുംമൂട്ടിൽ വറുഗീസുമാപ്പിള.

---

സ്ഫീതാനന്ദമൊടീ "സുധാലഹരി" കണ്ണോടിച്ചുവായിച്ചു ഞാൻ;
പൂതാദർശപരം, മനോഹര,മിതിൻ ഭാഷാഗുണം മേൽത്തരം;
ശ്രീതാവും പല പുസ്തകങ്ങളിനിയും സൃഷ്ടിച്ചലം കൈരളീ-
മാതാവിന്നു മഹത്വമേകുവതിനായ് യത്നിക്കനിന്നാൽ ഭവാൻ.

ക. നി. മൂ. സ. മാണിക്കത്തനാർ.

---

ലഹരിപദാർത്ഥങ്ങൾക്കു വില കൂടിയും മതിപ്പു കുറഞ്ഞും വരുന്ന കാലമാണു്. വിദ്വാൻ ജോസഫ് മുകളയിലവർകളുടെ "സുധാലഹരി"ക്കു് വിലക്കുറവും മതിപ്പു കൂടുതലും ആണെന്നു പറയേണ്ടിയിരിക്കുന്നു. ഇതിൽ ചേർത്തിരിക്കുന്ന കവിതകൾക്കു് വിഷയം, വൃത്തം, രീതി എന്നിവയിലെല്ലാം നല്ല വൈജാത്യം കാണുന്നുണ്ടു്. ഭാഷ ലളിതവും മധുരവുമാണു്. സാമാന്യവിദ്യാഭ്യാസം മാത്രമുള്ള മലയാളികൾക്കും ക്ലേശം കൂടാതെ വായിച്ചു ഗ്രഹിക്കത്തക്ക ഭാഷയിലും രീതിയിലുമാണു് മിസ്റ്റർ ജോസഫ് കവിത എഴുതുന്നതു്. ആശയങ്ങൾ എല്ലായ്പോഴും ഒരുപോലെ മോഹനമായിരിക്കുന്നില്ലെങ്കിൽ, ഒരിക്കലും ദുർഗ്രഹമല്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. മിസ്റ്റിസിസമോ മറ്റു് അനർത്ഥങ്ങളോ കവിയെ ബാധിച്ചിട്ടില്ല. ലളിതവും മധുരവുമായ ഭാഷയും സരളമായ പ്രതിപാദനരീതിയും "സുധാലഹരി"യിൽ അത്യന്തം കാണുന്നുണ്ടു്. "ഭക്തൻ്റെ ചിന്താഗതി"യും "പരസ്പരസഹായസംഘ"വും ധാരാളം "കവിത"യുള്ള കൃതി

കളാണ്. "ഉൽഗതി"യിൽ കവിതയും ഉൽഗമിക്കുന്നുണ്ട്. "കുഞ്ഞുങ്ങൾ" കവിക്കെന്നപോലെ വായനക്കാർക്കും ആശ്വാസവും ആനന്ദവും നൽകുന്നു. ആകപ്പാടെ നോക്കുമ്പോൾ വിഷയസ്വഭാവമനുസരിച്ചുള്ള ഗുണവ്യത്യാസമാണ് മിസ്റ്റർ ജോസഫിന്റെ കവിതയിൽ കാണുന്നതു്. അതു് ഒരു ശുഭലക്ഷണവുമാണ്. അദ്ദേഹത്തിന്റെ ഇതുവരെയുള്ള കവിതാപരിശ്രമം സർവ്വഥാ പ്രോത്സാഹനാർഹമാണ്.

ദീപിക.

---

വിദ്വാനും വിശ്രുതനുമായ ശ്രീമാൻ ജോസഫ് മുകളയിൽ അവർകളുടെ കവിതാമാധുരി ആസ്വദിച്ചിട്ടില്ലാത്തവർ കേരളക്കരയിൽ അധികം പേരുണ്ടായിരിക്കയില്ല. അദ്ദേഹത്തിന്റെ ഒരു പുതിയ കൃതി ഇതാ പുറപ്പെട്ടിരിക്കുന്നു. പേരുകേട്ട പല പത്രങ്ങളിലും മാസികകളിലും യഥാവസരം പ്രത്യക്ഷപ്പെട്ടിട്ടുള്ള അത്യന്തം ഹൃദ്യവും ആസ്വാദ്യവുമായ ഏതാനും ഖണ്ഡകാവ്യങ്ങളുടെ ഒരു സമാഹാരമാണ് "സുധാലഹരി" എന്ന പേരിൽ പ്രസിദ്ധീകൃതമായിരിക്കുന്ന ഈ കൃതി. ഉൽകൃഷ്ടാശയ സംപുഷ്ടവും ഉത്തമരസപ്രദായകവുമായ ഇതിലെ കവിതകൾ എല്ലാം തന്നെ സന്മാർഗ്ഗോപദേശകവും അദ്ധ്യാത്മതത്വപ്രബോധകവും കൂടിയാണ്. കൃസ്തീയസാഹിത്യാഭിമാനികളായ മഹാജനങ്ങളുടെ ഉദാരമായ പ്രോത്സാഹനസഹായങ്ങൾ അദ്ദേഹത്തിനു യഥാർഹം ഉണ്ടായിരിക്കട്ടെ എന്നും അദ്ദേഹത്തിന്റെ കൃതികൾക്ക് പ്രചുരപ്രചാരം സിദ്ധിക്കട്ടെ എന്നും ഞങ്ങൾ സൗഹാർദ്ദപൂർവ്വം അശംസിച്ചുകൊള്ളുന്നു.

കത്തോലിക്കജീവിതം

---

കേരളീയ കത്തോലിക്ക കോൺഗ്രസ്സിൽനിന്നു നടത്തിയ സാഹിത്യമത്സരപ്പരീക്ഷയിൽ സ്വർണ്ണമെഡൽ സമ്പാദിച്ചു് സാഹിത്യകാരന്മാരുടെ ഇടയിൽ സുജ്ഞാതനായിത്തീർന്നിട്ടുള്ള വിദ്വാൻ ജോസഫ് മുകളയിൽ അവർകൾ പലപ്പോഴായി എഴുതിയിട്ടുള്ള ഏതാനും കൃതികളുടെ ഒരു സമാഹാരമാണു് ഈ ചെറുപുസ്തകം. രാജഭക്തി, ദൈവഭക്തി, കുടുംബം, സമുദായം, സമ്പത്തു്, പ്രകൃതിമാധുര്യം എന്നിവയെ സ്പർശിക്കുന്ന തരത്തിലുള്ള 10 പദ്യകാവ്യഖണ്ഡങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ടു്. കടത്തിന്റെ ദോഷഫലങ്ങളെപ്പററി ഗ്രന്ഥകർത്താവു ചെയ്തിരിക്കുന്ന പ്രതിപാദനം കുബേരകുചേലവ്യത്യാസമെന്യേ എല്ലാവരും നല്ലവണ്ണം വായിച്ചു് ഹൃദിസ്ഥമാക്കേണ്ടതു തന്നെയാണു്. സാമ്പത്തികമായി അനുനിമിഷം അധോഗതി പ്രാപിച്ചുവരുന്ന നമ്മുടെ നാട്ടുകാരുടെ ഇടയിൽ ഇങ്ങനെയുള്ള സാഹിത്യം പ്രചരിപ്പിക്കുന്നതിനു് ഭാഷാപ്രണയികൾ ശ്രദ്ധ പതിക്കുന്നതു നന്നായിരിക്കും.

ചെറുപുഷ്പം.

---

വിദ്വാൻ ജോസഫ് മുകളയിൽ അവർകളുടെ കവിതാപരമായ പരിശ്രമങ്ങളുടെ ചില ചിത്രങ്ങളാണു് സുധാലഹരിയിൽ കാണുന്നതു്. കവിയുടെ മാനസസദനത്തിൽനിന്നുത്ഭവിച്ച ചിന്താസന്താനങ്ങൾ, സുധാലഹരീപ്രദായിനികൾ മട്ടിലും പകിട്ടിലും അല്പാല്പ വ്യത്യാസത്തോടുകൂടി കാണപ്പെടുന്നതു് ശുഭസൂചകമായിരിക്കുന്നു. ഇന്നത്തെ യുവലോകത്തിന്റെ ശ്രദ്ധയ്ക്കു വിഷയമാകേണ്ട പല വിഷയങ്ങളും മിസ്റ്റർ ജോസഫ് കവിതാസ്വരൂപത്തിൽ ഇതിൽ ഉള്ളടക്കം ചെയ്തിട്ടുണ്ടു്. രാജഭക്തി, അസ്തിക്യബുദ്ധി, ഉൽഗതി, കുടുംബജീവിതത്തിലെ ആനന്ദം, പ്രകൃതിസൗന്ദര്യം, ഋണബാധയുടെ ഭയങ്കരത, അസൂയയുടെ ഗർഹണീയത, പുത്രവാത്സല്യം, സഹകരണബുദ്ധി, സഹനം എന്നീ വിഷയങ്ങളെ അധികരിച്ചു് കവിതന്മയത്വേന വർണ്ണിച്ചി

രിക്കുന്നു. ദ്വിതീയാക്ഷരപ്രാസം, അന്ത്യപ്രാസം, അനുപ്രാസം എന്നീ ശബ്ദഭൂഷണങ്ങളണിഞ്ഞ് സാമാന്യം സുഷമാവതികളായിട്ടാണ് കവിയുടെ രംഗപ്രവേശം ചെയ്ത കവിതാകുമാരികൾ നിലകൊള്ളുന്നതു്. ഇന്നത്തെ പദ്യപാഠ്യപുസ്തകങ്ങളിൽ ചിലതിനോടു തുലനം ചെയ്യുമ്പോൾ ജാതിമതഭേദമെന്യെ ആർക്കും രസിക്കത്തക്ക രീതിയിൽ വിരചിച്ചിട്ടുള്ള ഈ പദ്യകൃതി ഒരു പാഠ്യപുസ്തകമായി സ്വീകരിക്കപ്പെടാൻ സർവ്വഥാ അർഹമാണെന്നു കാണാവുന്നതാണ്.

കർമ്മേലകുസുമം.

---

ഉൽകൃഷ്ടമായ കാവ്യമാധുര്യം സുധാലഹരിയിൽ പലേടത്തും അനുഭവമാകുന്നുണ്ടു്. കവിയുടെ കരുത്തു് നല്ലവണ്ണം പ്രകാശിച്ചിട്ടുള്ള ഒരു കവിതയാണ് മഹാരാജമംഗളം. ഭംഗിയുള്ള ശ്ലോകങ്ങളാണ് ഇതിൽ അധികവും. മിസ്റ്റർ ജോസഫ് മുകളയിൽ പല മാസികാപത്രങ്ങളിലും വളരെ മുൻപു മുതൽ എഴുതിത്തുടങ്ങിയ ഒരാളാണ്. കവിതാരചനയിൽ തഴക്കം സിദ്ധിച്ച ഒരു തൂലിക സുധാലഹരിയിൽക്കൂടി ഞങ്ങൾ മിസ്റ്റർ ജോസഫിൽ കാണുന്നുണ്ടു്. സൗന്ദര്യസമ്പൂർണ്ണവും സാർവ്വജനീനവുമായ കവിതാഭാഗങ്ങൾ പ്രത്യേകം തിരഞ്ഞെടുത്തു് പരിശ്രമം തുടരുന്ന പക്ഷം ഇദ്ദേഹത്തിന്റെ വിജയത്തെ സംബന്ധിച്ചു് ഞങ്ങൾക്കു സംശയമില്ല.

ഭാഷാപോഷിണി.

---

ഭാഷാപണ്ഡിതന്മാരുടെ പ്രശംസയ്ക്കു പാത്രമായിത്തീർന്ന "ഏലിയാനിവ്യാദയും അഹാബ്യം" തുടങ്ങിയുള്ള പല ഖണ്ഡകാവ്യങ്ങളുടെ കർത്താവെന്ന നിലയിൽ കേരളീയർക്കു സുപരിചിതനായ വിദ്വാൻ ജോസഫ് മുകളയിലവർകളുടെ പത്തു ചെറുകവിതകളാണ് "സുധാലഹരി"യുടെ ഉള്ളടക്കം. മഹാരാജാവുതിരുമേനിയുടെ ഗുണഗണങ്ങളെ വർണ്ണിക്കുന്ന മഹാരാ

ജമംഗളം, അനുവാചകന്മാരിൽ ആസ്തിക്യബോധത്തെ പുലർത്തുന്നതിനും ഈശ്വരഭക്തിയെ ഉണർത്തുന്നതിനും ഉതകുന്ന ഭക്തന്റെ ചിന്താഗതി, പിതാക്കളുടെ ആനന്ദനിദാനങ്ങളായ കുഞ്ഞുങ്ങളേയും മാതാവിന്റെ ശിശുവാത്സല്യത്തെയും വർണ്ണിക്കുന്ന കുഞ്ഞുങ്ങൾ, വാത്സല്യവാരിധിയിൽ എന്നിവ വിശേഷതഃ രസാവഹങ്ങളായി തോന്നുന്നു.

മദ്ധ്യസ്ഥൻ.

---

വിദ്വാൻ ജോസഫ് മുകളയിൽ അവർകളെ പത്രവായനക്കാർക്കു പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. അദ്ദേഹം പല അവസരങ്ങളിലായി എഴുതിയിട്ടുള്ള ഏതാനും ഖണ്ഡകവിതകളുടെ ഒരു സമാഹാരമാണ് "സുധാലഹരി" വിവിധവിഷയങ്ങളെ പരാമർശിച്ചുള്ള പത്തു വിശിഷ്ടകവിതകൾ ഇതിലടങ്ങിയിട്ടുണ്ട്. ഒരു വിവരണം കൂടാതെതന്നെ മിസ്റ്റർ ജോസഫിന്റെ കവനകലാവിലാസത്തെ പ്രസ്പഷ്ടമാക്കുന്നതിന് താഴെ ഉദ്ധരിക്കുന്ന കവിതാഭാഗം ഏറെക്കുറെ ഉപകരിച്ചേക്കും.

"കുഞ്ഞുങ്ങൾ മാലാഖമാരല്ലി? കാണ്മോർക്കു
നെഞ്ചിൽ പരലോകമിങ്ങെന്നു തോന്നിടും!
കണ്ണൻചിരട്ടയിൽ മണ്ണുനിറച്ചങ്ങു
തിണ്ണമുയത്തിപ്പിടിച്ചുനിന്നീടവേ
പൂഴിമനോജ്ഞമായൂർന്നു പോരുംവിധം
തോഷമോടകണ്ടുപൊട്ടിച്ചിരിക്കയും,
തുഷ്ട്യാ ചിരട്ടയിൽ ചക്കരയുണ്ടാക്കി—
യിട്ടവയാർക്കും പകുത്തുകൊടുക്കയും,
ചെലെപ്പം കമ്പുകൾ പൂഴിയിൽ പായിച്ചു
കാളപൂട്ടിക്കൊണ്ടു കർഷകരാകയും,
നല്ലകറി കഞ്ഞിതൊട്ടവ പൂഴിയും
കല്ലുകളുംകൊണ്ടുഭംഗിയായ് വച്ചുടൻ
പന്തിയിൽതന്നെയിരുത്തിവിളമ്പവേ
സന്തോഷപൂർവ്വം വൃഥാതിന്നിടുകയും."

ആകപ്പാടെ പരിശോധിച്ചതിൽ പാടിത്തെളിഞ്ഞുവരുന്ന ഒരു ക്രൈസ്തവകവികോകിലത്തിൻെറ മനോജ്ഞഭാവിയാണ് ഈ കൃതിമൂലം ഞങ്ങൾക്കു ദൃശ്യമാകുന്നതു് "സുധാലഹരി" സഹൃദയരായ മലയാളവായനക്കാരുടേയും, പാഠ്യപുസ്തകക്കമ്മറ്റിയുടേയും സവിശേഷമായ ശ്രദ്ധയ്ക്കു് അർഹമാണെന്നുള്ളതിൽ ഞങ്ങൾക്കു സംശയമില്ല മിസ്റ്റർ ജോസഫിൻെറ "സുധാലഹരീപ്രസ്ഥാന"ത്തിൽ അദ്ദേഹത്തിനു സല്പവിജയങ്ങളും ആശംസിക്കുകയും, സാഹിത്യത്തിലും "വർഗ്ഗീയവൈരം" നടമാടുന്ന ഇക്കാലത്തു് ആവുന്നത്ര അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കണമെന്നു് എല്ലാ ക്രൈസ്തവയുവജനങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു

കത്തോലിക്കാപ്രവർത്തനം.

---

---

## പ്രത്യേകവിജ്ഞാപനം.

"ഏലിയാനിവ്യായും അഹാബും" "സുധാലഹരി" മരന്ദമാധുര്യം" എന്നീ പുസ്തകങ്ങൾക്ക്, കൈപ്പുഴ ഇംഗ്ലീഷ് സ്കൂൾ മലയാളപണ്ഡിതരായ ഗ്രന്ഥകർത്താവിനോടു് ആവശ്യപ്പെടുക.

P. O. മാന്നാനം.

---

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

DC Library
*00004189*
T61 M90

T61
M90

# മരന്ദമാധുര്യം.

S. H. SCHOLASTICATE
CHANGANACHERRY
CHETHIPUZHA

T61
M90

...ിദ്വാൻ ജോസഫ് മുകളയിൽ.